105 (434) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണപദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിപ്രകാരം എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമ്മിച്ചു നൽകി എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ എത്ര തൊഴിലാളികൾ ഉണ്ട്;

(ഡി) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യം നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

106 (437) ആലത്തൂരിലെ ഐശ്വര്യ ഫിഷ് ഫാം

ശ്രീ. ജി. കാർത്തികേയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിലെ ഐശ്വര്യ ഫിഷ് ഫാം എന്ന സ്വകാര്യ സ്ഥാപനത്തിൽ അലങ്കാരമത്സ്യം വളർത്താൻ പരിശീലനത്തിനായി മത്സ്യഫെഡ് ഇതിനകം എന്തു തുക ചെലവാക്കി;

(ബി) കൺസൽട്ടന്റ് ശിവരാമനും അദ്ദേഹത്തിന്റെ സഹായിയായ അക്കോറിസ്റ്റിനും ഇതുവരെ നൽകിയ പ്രതിഫലം ഇനത്തിൽ എന്തു തുക ചെലവഴിച്ചു;

(സി) ശ്രീ. ശിവരാജന് മത്സ്യഫെഡിൽ നിന്ന് അനുവദിച്ച വാഹനത്തിന്റെ മെയിന്റനൻസ് ഇന്ധനചെലവുകളും ഡ്രൈവറുടെ പ്രതിഫലവും ഇനത്തിൽ എന്തു തുക ചെലവായി;

(ഡി) ഇദ്ദേഹത്തിന് ഇതുവരെ നൽകിയ ടി.എ. ഉൾപ്പെടെയുള്ള മൊത്തം അലവൻസുകൾക്കു വേണ്ടി എന്തു തുക ചെലവഴിച്ചു;

(ഇ) തൃശ്ശൂരിലും ആലത്തൂരിലും ഐശ്വര്യ ഫിഷ് ഫാമിലും എത്ര വനിതകൾക്ക് എത്ര ദിവസത്തെ പരിശീലനം നൽകി;

(എഫ്) ഇങ്ങനെ പരിശീലനം നൽകിയ വനിതകളിൽ എത്രപേർ ഇതിനകം അലങ്കാരമത്സ്യം വളർത്തൽ തൊഴിലായി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ;

(ജി) മത്സ്യഫെഡിൽ മത്സ്യം വളർത്തൽ ശാസ്ത്രീയമായി അഭ്യസിച്ചിട്ടുള്ള ഫിഷറീസ് കോളേജ് ബിരുദധാരികൾ എത്ര പേരുണ്ട്;

(എച്ച്) പത്രപരസ്യം നൽകിയത് ഇന്റർവ്യൂ നടത്തിയിട്ടാണോ ശിവരാജൻ എന്നയാളെ കൺസൾട്ടന്റായി നിയമിച്ചത്; അല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly